## വികസന സെമിനാർ - 138 കോടി രൂപയുടെ പദ്ധതികൾക്ക് രൂപം നൽകി




2017–2022 പതിമൂന്നാം പഞ്ചവത്സര പദ്ധതി ഭാഗമായി 2017–2018 വർഷത്തേക്കുള്ള വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായി 18 വിവിധ മേഖലകളിലായി 138 കോടി രൂപയുടെ പദ്ധതികൾക്ക് 25.04.2017 ന് നടന്ന വികസന സെമിനാറിൽ വച്ച് രൂപം നൽകി. ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ സെമിനാർ ബഹു. എറണാകുളം എം.പി. പ്രൊഫ. കെ.വി. തോമസ് ഉദ്ഘാടനം ചെയ്തു.

മെട്രോ നിർമ്മാണം ഒന്നാം ഘട്ടം പൂർത്തീകരണ ഘട്ടത്തിലാണ്. മേട്രോ ട്രെയിനിന് കണക്ടിവിറ്റി ഉണ്ടാകണമെന്നും, ഒറ്റ ടിക്കറ്റിൽ തന്നെ എല്ലാ ഗതാഗത മാർഗ്ഗങ്ങളും സാധ്യമാകുന്ന വിധത്തിലുള്ള സംവിധാനം കെ.എം.ആർ.എൽ. ഏർപ്പെടുത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ റോ–റോ– ജങ്കാർ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ജെട്ടിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതോടെ കൊച്ചിയുടെ ഗതാഗത രംഗത്ത് വലിയൊരു മാറ്റമാണ് വരാൻ പോകുന്നത്. വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനോടൊപ്പം തന്നെ കൊതുക് നിർമ്മാർജ്ജനത്തിനായുള്ള നടപടികളും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സ്വീകരിക്കണമെന്നും വികസന സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രൊഫ. കെ.വി. തോമസ് എം.പി പറഞ്ഞു.

സമഗ്രവും സുസ്ഥിരവും സാമൂഹ്യ നീതി ഉറപ്പിക്കുന്ന തരത്തിലും ഉള്ള വികസന പ്രവർത്തനങ്ങളാണ് നാം നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. സാമ്പത്തിക വർഷം ജനുവരി മുതൽ ഡിസംബർ വരെ ആക്കുക എന്ന കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലുള്ള വസ്തുതകൾ അറിഞ്ഞുകൊ ായിരിക്കണം നാം മുന്നോട്ടു പോകേത്. സാമ്പത്തികവും സ്ഥലപരവും മനുഷ്യ വിഭവശേഷിപരവും നിയമപരവുമായ നിരവധി പരിമിധികൾക്കുള്ളിൽ നിന്നാണ് നാം പ്രവർത്തിക്കുന്നത്. സ്മാർട്ട് സിറ്റീസ് പദ്ധതിയിലൂടെ നഗരത്തിന്റെ ചെറിയരു ഭാഗം ആധുനിക രീതിയിൽ വികസിപ്പിച്ചെടുക്കുന്നതിന് നമുക്കിന്ന് അവസരം കൈവന്നിരിക്കുകയാണ്. ആയതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിക്കുകയുമാണ്. വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലൂടെ നഗരത്തിന്റെ മറ്റ് ഭാഗങ്ങളും ഇതേ രീതിയിൽ വികസിപ്പിക്കുന്നതിനാവശ്യമായ ദീഘദൃഷ്ടിയായ പദ്ധതികളാണ് നാം തയ്യാറാക്കേണ്ടത് എന്ന് മേയർ സൗമിനി ജെയിൻ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

ഉദ്ഘാടനത്തിന് ശേഷം പതിനെട്ട് വർക്കിംഗ് ഗ്രൂപ്പുകളും ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചകൾ നടത്തി. അതിനുശേഷം ചർച്ചകളുടെ കോഡീകരണം നടത്തപ്പെട്ടു.

ചടങ്ങിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗ്രേസി ജോസഫ് സ്വാഗതം പറയുകയും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി എ.എസ്. അനുജ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ചടങ്ങിൽ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എ.ബി സാബു, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മിനിമോൾ വി.കെ, മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.എം. ഹാരിസ്, ടൗൺ പ്ലാനിംഗ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷൈനി മാത്യു, ടാക്സ് അപ്പീൽ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.വി.പി കൃഷ്ണകുമാർ, വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഡോ. പൂർണ്ണിമ നാരായണൻ, പ്രതിപക്ഷ നേതാവ് കെ.ജെ ആന്റണി, ജില്ലാ ആസൂത്രണ സമിതി അംഗങ്ങളായ ജോൺസൺ മാഷ്, ഡെലീന പിൻഹിറോ അടക്കമുള്ള കൗൺസിലർമാർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഉദ്യോഗസ്ഥർ, വിവിധ ഡിവിഷനുകളെ പ്രതിനിധീകരിച്ച് അഞ്ഞൂറോളം പേരും സെമിനാറിൽ സന്നിഹിതരായിരുന്നു.